പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3056 22.02.2016 - ൽ മറുപടിയ്ക്ക്

## വയോജന പ്രക്ഷോഭങ്ങൾ

ചോദ്യം

ശ്രീ.എ.കെ.ബാലൻ

ശ്രീ.കെ.കെ.ജയചന്ദ്രൻ

ശ്രീ.സി.കെ.സദാശിവൻ

ശ്രീ.സി.കൃഷ്ണൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി അവർ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് അർഹമായ പരിഗണനയും ബഹുമാനവും പ്രദാനം ചെയ്യാനും അവരുടെ ആരോഗ്യവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാനുമായി മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 അംഗീകരിച്ച് നടപ്പിലാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഓൾഡ് ഏജ് പെൻഷൻ കാലതാമസമില്ലാതെ വിതരണം നൽകുക, സ്ഥാപന സ്ഥാപനേതര സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുക, വയോമിത്രം, വയോഅമൃതം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുക തുടങ്ങിയവ സംയോജിതമായി നടപ്പിലാക്കാനും സംസ്ഥാന-ജില്ലാതല അവലോകനങ്ങൾ കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**